# ഏലൂർ നഗരസഭ
# സാധാരണ കൗൺസിൽ യോഗ നോട്ടീസ്

**G2-347/11**

മാന്യ മിത്രമെ,

ഏലൂർ നഗരസഭാകൗൺസിലിന്റെ ഒരു സാധാരണ കൗൺസിൽ യോഗം **29.11.2017 ബുധനാഴ്ച രാവിലെ 11.00-ന്** താഴെ പറയുന്ന അജണ്ടകൾ പരിഗണിക്കുന്നതിനായി കൗൺസിൽ ഹാളിൽ വച്ച് ചേരുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. താങ്കൾ കൃത്യ സമയത്ത് പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

**മുനിസിപ്പൽ ചെയർപേഴ്സൺ**

**എല്ലാ കൗൺസിൽ അംഗങ്ങൾക്കും**
**പകർപ്പ് : നോട്ടീസ് ബോർഡ്, എല്ലാ വകുപ്പു തലവന്മാർക്കും.**

**അജണ്ട: 1**

H1-1120/17

വിഷയം : നഗസഭയിൽ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് – സംബന്ധിച്ച്.

കുറിപ്പ് :

1. ആയതിലേയ്ക്കുള്ള നിർദ്ദേശങ്ങൾ അടങ്ങിയ കത്ത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടുണ്ട്.
2. റിപ്പോർട്ട് തയ്യാറാക്കുന്നതിന് എംപാനൽ ചെയ്തിട്ടുള്ള ഏജൻസികളുടെ ലിസ്റ്റ് മേൽ കത്തിനൊപ്പം ലഭിച്ചിട്ടുണ്ട്.
3. നിലവിൽ നഗരസഭയുമായി ഹരിതകർമ്മസേന രൂപീകരിക്കുന്നതിന് സന്നദ്ധമായിട്ടുള്ള സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ടി. എം.പാനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.
4. ടി. എം.പാനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ മത്സരാധിഷ്ഠിത ടെണ്ടർ നടപടിയിലൂടെ DPR, സിറ്റി സാനിറ്റേഷൻ പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് തിരഞ്ഞെടുത്ത് ചുമതലപ്പെടുത്താവുന്നതാണ്.
5. ഇത്തരത്തിൽ DPR–ലെ പ്രൊജക്ടുകൾക്ക് ചിലവിന്റെ SBM ഗ്രാന്റ്/ VGF ആയി 35% തുകയും, സംസ്ഥാന വിഹിതമായി 23.3% തുകയും ലഭിക്കുന്നതാണ്. ബാക്കിയുള്ള 41.7% തുക Plan Fund/Own Fund/CSR Fund/CFC fund എന്നിവയിലൂടെ കണ്ടെത്താവുന്നതാണ്.
6. 2011-ലെ ജനസംഖ്യ കണക്കനുസരിച്ച് നഗരസഭയിലെ ഒരു വ്യക്തിയ്ക്ക് 240/- രൂപ ക്രമത്തിൽ കേന്ദ്ര ധനസഹായം 35% തുകയാണ് ലഭിക്കുന്നത്.
7. ടെണ്ടർ നടപടിയിലൂടെ DPR തയ്യാറാക്കുന്നതിന് തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി 01.12.2018–നു മുമ്പായി DPR തയ്യാറാക്കി നഗരസഭയ്ക്ക് കൈമാറേണ്ടതാണ്.

**അജണ്ട: 2.**

H1-10915/17

വിഷയം : നഗരസഭയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 4 ബിന്നുകളുടെ പ്രവർത്തനം സംബന്ധിച്ച് 18.11.2017 തീയതിയിലെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ബഹു. കൗൺസിൽ മുമ്പാകെ.

കുറിപ്പ് :

1. 4 ബിന്നുകളുടേയും വശങ്ങളിൽ ബിന്നിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ട് ബോധവത്കരണ ബോർഡ് സ്ഥാപിയ്ക്കുന്നതിന് തീരുമാനിച്ചു. ആയതിന് ചെലവാകുന്ന തുക ശുചിത്വമിഷന്റെ IEC ഫണ്ടിൽ നിന്നും ഉപയോഗിക്കുന്നതിന് ബഹു. കൗൺസിൽ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.
2. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ആരംഭിക്കുന്നതുവരെ നിലവിൽ ശേഖരിച്ചിട്ടുള്ളതും ശേഖരിയ്ക്കാൻ പോകുന്നതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് ഏജൻസിയെ കണ്ടെത്തി നീക്കം ചെയ്യുന്നതിനായി ബഹു. കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തു.

**അജണ്ട: 3.**

PW2-6933/17

ഏലൂർ നഗരസഭയിലെ 5–ാം വാർഡിൽ SC കോളനിയിൽ വീടുകളുടെ ശോചനീയാവസ്ഥ മനസ്സിലാക്കി സർക്കാരിൽ നിന്നും സഹായം അഭ്യർത്ഥിക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിയ്ക്കണമെന്ന് കാണിച്ച് വാർഡ് കൗൺസിലർ ശ്രീ. എ. ഡി. സുജിൽ സമർപ്പിച്ച കത്ത് ബഹു. കൗൺസിൽ മുമ്പാകെ.

കുറിപ്പ് :

1. SC കോളനിയിലെ വീടുകളുടെ ശോചനീയായസ്ഥ പരിഹരിക്കുന്നതിന് ഫ്ളോറിംഗ് ചെയ്യുന്നതിനുമായി വീടൊന്നിന് ഏകദേശം 1,00,000/- (ഒരു ലക്ഷം) രൂപ ചിലവ് വരുന്നതാണ്. ആയത് ഗവൺമെന്റിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കാവുന്നതാണെന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
2. പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10.11.2017 തീയതിയിലെ 1-ാം നമ്പർ പ്രകാരം ടി. വിഷയം കൗൺസിലിൽ ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**അജണ്ട: 4.**

PW2-1514/13

വിഷയം : ഏലൂർ നഗരസഭയിലെ 25–ാം വാർഡിൽ ഏലൂർ വില്ലേജിൽ സ്ഥിരതാമസക്കാരനായ ശ്രീ. ശശികുമാർ പി. പി., മീനാ ഭവൻ, മഞ്ഞുമ്മൽ – എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള Sy. No. 71/13 A-യിൽ ഉൾപ്പെട്ടിരിക്കുന്ന ഭൂമിയിൽ നിന്നും 26.30$m^2$ സ്ഥലം നഗരസഭയ്ക്ക് വഴി

സാഞ്ചാരയോഗ്യമാക്കുന്നതിനായി വിട്ടു നൽകുന്നതിന് തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് സമർപ്പിച്ചിരിക്കുന്ന അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

കുറിപ്പ് : പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10.11.2017 തീയതിയിലെ 2-ാം നമ്പർ പ്രകാരം ടി. വിഷയം അംഗീകരിച്ച് കൗൺസിലിൽ ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**അജണ്ട:** 5.

PW2-10105/17

വിഷയം : ഏലൂർ നഗരസഭയിലെ 19–ാം വാർഡിൽ ഇല്ലത്തിടവഴി റോഡും കാനയും MLA ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിലേയ്ക്കായി നഗരസഭയിൽ നിന്നും NOC ലഭ്യമാക്കണമെന്ന് കാണിച്ച് വാർഡ് കൗൺസിലർ ശ്രീമതി ബിജി സുബ്രഹ്മണ്യം നൽകിയിരിക്കുന്ന കത്ത് കൗൺസിൽ മുമ്പാകെ.

കുറിപ്പ് :

1. ഇല്ലത്തിടവഴി റോഡും കാനയും അറ്റകുറ്റപ്പണികൾക്കായി 2017-18 വർഷത്തിൽ നഗരസഭയിൽ പദ്ധതികളൊന്നും തന്നെ രൂപീകരിച്ചിട്ടില്ലാത്തതാണ്.
2. പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10.11.2017 തീയതിയിലെ 5-ാം നമ്പർ പ്രകാരം NOC നൽകുന്നതിനും റോഡ് അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകുന്നതിനുമായി ടി. വിഷയം കൗൺസിൽ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**അജണ്ട:** 6.

PW2-9931/17

ഏലൂർ നഗരസഭയുടെ അധീനതയിലുള്ള പാലങ്ങളുടെ ഇരുവശവുമുള്ള Street Light പോസ്റ്റുകളും, LED ലൈറ്റുകളും 20 വർഷത്തേയ്ക്ക് പരിപാലനം നടത്തുന്നതിന് തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് മാവേലി ഏജൻസീസ്, അങ്കമാലി സമർപ്പിച്ചിരിക്കുന്ന അപേക്ഷ കമ്മറ്റി മുമ്പാകെ.

കുറിപ്പ് :

1. പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10.11.2017 തീയതിയിലെ 12-ാം നമ്പർ പ്രകാരം മേൽ വിഷയത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം Street Light പോസ്റ്റുകളും, LED ലൈറ്റുകളും പരിപാലനം നടത്തുന്നതിന് തയ്യാറുള്ള മറ്റ് ഏജൻസികളിൽ നിന്നും ഓഫർ/ടെണ്ടർ ക്ഷണിക്കാവുന്നതാണെന്ന് കൗൺസിലിൽ ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2. മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധിപ്പിക്കുന്ന പാലങ്ങളിൽ ടി. സ്ഥാനങ്ങളുടെ അനുമതിയും ആവശ്യമാണ്.

**അജണ്ട: 7.**

PW2-8283/12

ഏലൂർ നഗരസഭ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന "SO046/18 MRF Plastic Schredding Unit എന്ന പദ്ധതിയ്ക്കായി Unit സ്ഥാപിയ്ക്കുന്നതിന് വേണ്ടി പുതിയ സ്ഥലം കണ്ടെത്തണമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിയ്ക്കണമെന്നും കാണിച്ച് ബഹു. ചെയർപേഴ്സൺ നൽകിയിരിക്കുന്ന കത്ത് ബഹു. കൗൺസിൽ മുമ്പാകെ.

**അജണ്ട: 8.**

PW2-10854/17

Indian Oil- Adani Gas Pvt. Ltd. എന്ന സ്ഥാപനത്തിന്റെ Project ആയ City Gas Distribution (CGD) എന്ന പദ്ധതി ഏലൂർ നഗരസഭ പരിധിയിൽ നടപ്പിലാക്കുന്നതിനായി പ്രകൃതി വാതകപൈപ്പ് ലൈൻ സ്ഥാപിയ്ക്കുന്നതിന് നഗരസഭ സ്ഥലം നിശ്ചയിച്ച് അനുമതി നൽകണമെന്ന് കാണിച്ച് Indian Oil-Adani Gas Pvt. Ltd. സ്ഥാപനത്തിൽ നിന്നും ലഭിച്ചിരിക്കുന്ന കത്ത് കൗൺസിൽ പരിഗണനയ്ക്കായി.

**അജണ്ട: 9.**

H1-9977/17, PW3-10477/17

നഗരസഭയിലെ 2017-18 വർഷത്തെ പദ്ധതികളായ കൊതുകു നശീകരണവും സെപ്റ്റിക് ടാങ്കിന്റെ വെന്റ് പൈപ്പിന് വലകെട്ടലും, (നിർവ്വഹണ ഉദ്യോഗസ്ഥൻ–ഹെൽത്ത് ഇൻസ്പെക്ടർ) വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും വാങ്ങൽ (നിർവ്വഹണ ഉദ്യോഗസ്ഥൻ–സെക്രട്ടറി) എന്നീ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി സാധന സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ചിട്ടുള്ള ക്വട്ടേഷൻ നടപടികൾ കൗൺസിൽ പരിഗണനയ്ക്ക്.

കുറിപ്പ് : ടാബുലേഷൻ സ്റ്റേറ്റുമെന്റ് പ്രത്യേകം സമർപ്പിക്കുന്നതാണ്.

**അജണ്ട: 10.**

PW3-4040/17

വിഷയം : ഏലൂർ നഗരസഭ – പ്ലാനിംഗ് വിഭാഗം – ഏലൂർ നഗരസഭയുടെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ "പച്ചക്കറി തൈ വിതരണം" എന്ന പദ്ധതിയ്ക്ക് 1,90,000/- രൂപ വകയിരുത്തിയിട്ടുള്ളതായും എന്നാൽ ടി. പദ്ധതിയ്ക്ക് 22,496/- രൂപ മാത്രമേ വിനിയോഗിക്കേണ്ടിവന്നിട്ടുള്ളതിനാൽ, ബാലൻസ് തുകയായ 1,67,504/- രൂപ മറ്റു പദ്ധതികളിലേയ്ക്കോ, പുതിയ പദ്ധതി ഏറ്റെടുക്കുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണെന്ന കൃഷി ഓഫീസറുടെ (കൃഷിഭവൻ, ഏലൂർ) കത്ത് ബഹു. കൗൺസിൽ പരിഗണനയ്ക്ക്.

**അജണ്ട: 11.**

PW3-4040/17

ഏലൂർ നഗസഭ – പ്ലാനിംഗ് വിഭാഗം – ഏലൂർ നഗസഭയുടെ 2017-18 വാർഷിക പദ്ധതിയിലെ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിലെ പദ്ധതികൾക്ക് പ്രൊജക്ടിൽ പറഞ്ഞിട്ടുള്ള എണ്ണം ഗുണഭോക്താക്കളെ ലഭിക്കാത്ത സാഹചര്യത്തിൽ, ടി. പദ്ധതികളിൽ അധികം വരുന്ന തുക ടി. വിഭാഗത്തിന്റെ മറ്റു പദ്ധതികളിലേയ്ക്കോ, പുതിയ പദ്ധതി ഏറ്റെടുക്കുന്നതിലേയ്ക്കോ മാറ്റുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

***ഭേദഗതി ചെയ്യേണ്ട പദ്ധതികൾ***

| | | |
|---|---|---|
| ***SC വിഭാഗം*** | | |
| 1. | SC വിഭാഗത്തിൽപെട്ടവർക്ക് പഠനമുറി | SO083/18 |
| ***ST വിഭാഗം*** | | |
| 1. | തൊഴിൽ ആവശ്യങ്ങൾക്ക് ഇരുചക്ര വാഹനം | SO198/18 |
| 2. | ST വീട് വാസയോഗ്യമാക്കൽ | SO006/18 |
| 3. | പട്ടിക വർഗ്ഗത്തിന് കുടിവെള്ള കണക്ഷൻ | SO010/18 |
| 4. | ST കുടിവെള്ള കിണർ റീ–ചാർജ്ജിംഗ് | SO163/18 |
| 5. | ST വിഭാഗം പഠനമുറി | SO302/18 |
| 6. | ST വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | SO336/18 |
| 7. | 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന ST വിഭാഗം വിദ്യാർത്ഥികൾക്ക് സൈക്കിൾ | SO340/18 |
| 8. | ST വിഭാഗം വിദ്യാർത്ഥികൾക്ക് മേശയും കസേരയും | SO343/18 |

**അജണ്ട: 12.**

PW3-4040/17

ഏലൂർ നഗസഭ – പ്ലാനിംഗ് വിഭാഗം – ഏലൂർ നഗസഭയുടെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ചുവടെ പറയുന്ന പ്രൊജക്ടുകൾ ഒഴിവാക്കി ടി. പദ്ധതികളിലെ തുക മറ്റു പദ്ധതികൾ ഏറ്റെടുക്കാവുന്നതിലേയ്ക്ക് വിനിയോഗിക്കാവുന്നതാണെന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രിൻസിപ്പൽ GHSS ഏലൂരിന്റെ കത്ത് ബഹു. കൗൺസിൽ പരിഗണനയ്ക്ക്.

***ഒഴിവാക്കേണ്ട പദ്ധതികൾ***

| | | |
|---|---|---|
| 1. | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് നിയമ സാക്ഷരതാ ക്ലാസ്സ് | SO003/18 |
| 2. | വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിയ്ക്കൽ | SO195/18 |
| 3. | രജിസ്ട്രേഡ് ക്ലബ്ബുകൾക്ക് സ്പോർസ് കിറ്റ് | SO378/18 |

കുറിപ്പ് : ഒഴിവാക്കുന്ന ടി. പദ്ധതികളുടെ തുക ഉപയോഗിച്ച് ഗവ. എൽ.പി. സ്കൂൾ, ഏലൂരിൽ സ്മാർട് ക്ലാസ്സ് റൂം നിർമ്മിക്കണമെന്ന് വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി മെറ്റിൽഡ ജെയിംസ് ശുപാർശ ചെയ്തിട്ടുണ്ട്.